Vol-1,N0:23
22-09-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

**പ്രധാനവാർത്തകൾ**

01. സുനാമി ഫണ്ട് വകമാറ്റൽ : സർക്കാരിനെതിരെ ആലപ്പുഴ രൂപതയുടെ ഇടയലേഖനം.
02. സുനാമി ഫണ്ട് ദുർവിനിയോഗം ഇടതുസർക്കാരിന്റെ ഭരണ പരാജയം : കെ. സി. ബി. സി.
03. സുനാമി ഫണ്ട് വകമാറ്റൽ :തീരാദേശവാസികളോടുള്ള അവഗണന.
04. കൗമാര ലൈംഗിക വിദ്യാഭ്യാസം : സഭ പുസ്തകം തയ്യാറാക്കുന്നു.
05. അഭയകേസ് : സമഗ്രാന്വേഷണം വേണം - കെ. സി. വൈ. എൽ
06. പ്ലാസ്റ്റിക് നിരോധനം ഫലപ്രദമാകുന്നു.
07. കാത്തലിക് സിറിയൻ ബാങ്കിനെ രക്ഷിക്കാൻ സഭയുടെ ആഹ്വാനം.

## 01. സുനാമി ഫണ്ട് വകമാറ്റൽ : സർക്കാരിനെതിരെ ആലപ്പുഴ രൂപതയുടെ ഇടയലേഖനം.

സുനാമി ഫണ്ട് വക മാറ്റി ചെലവഴിച്ചതിൽ തീരദേശത്ത് പ്രതിഷേധം വ്യാപിക്കുന്നതിനിടെ സർക്കാരിനെതിരേ ആലപ്പുഴ രൂപത ലേഖനമിറക്കി. സർക്കാർ നയങ്ങളെ ശക്തമാക്കി അപലപിച്ചുകൊണ്ടും കടലോരവാസികളുടെ ആവശ്യങ്ങൾ നിറവേറ്റാനാവശ്യമായ രാഷ്ട്രീയ തീരുമാനം ഉണ്ടാകണമെന്നുമാവശ്യപ്പെടുന്ന ഇടയലേഖനം വിശുദ്ധ കുർബാന മധ്യേ ആലപ്പുഴ രൂപതയിലെ എല്ലാ പള്ളികളിലും വായിച്ചു.
രൂപത ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിലാണ് ഇടയലേഖനം ഇറക്കിയത്. കേന്ദ്ര സർക്കാർ സുനാമി ബാധിതർക്കായി അനുവദിച്ച തുകയിൽ എട്ടുകോടിയോളം രൂപ സുനാമിബാധിതമല്ലാത്ത സർക്കാർ വിദ്യാലയങ്ങൾക്ക് നീക്കി വച്ചിട്ടുണ്ട്. കടലോര പ്രദേശത്തിന് കി. മീറ്റർ അകലെയുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് ഈ തുക നൽകാനുമുള്ള സർക്കാർ തീരുമാനം അപലപനീയമാണ്. ഇത് കടലോരജനതയോടു കാണിക്കുന്ന വഞ്ചനയും അനീതിയുമാണ്. രാഷ്ട്രീയക്കാരെ ശക്തരാക്കാനോ രാഷ്ട്രീയപ്പാർട്ടികളെ വളർത്താനോ തെരഞ്ഞെടുപ്പിൽ വോട്ടുബാങ്കുകൾ സൃഷ്ടിക്കാനോ ഉള്ളതല്ല സുനാമി ഫണ്ടെന്ന് ഇടയലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു. തീരദേശമേഖലയോട് മറ്റു പലതരത്തിലും സർക്കാർ അവഗണന കാട്ടുന്നതായും ഇടയലേഖനത്തിൽ പ്രതിപാദിക്കുന്നു. അന്ധകാരനഴി പാലങ്ങൾ പൊളിച്ചു പണിതെങ്കിൽ മാത്രമേ ചെല്ലാനം- ആലപ്പുഴ തീരാദേശറോഡിലൂടെയുള്ള യാത്രാസൗകര്യം സാധ്യമാകുകയുള്ളു.

പൊളിച്ചിട്ട് 18 മാസം പിന്നിട്ടിട്ടും ചെത്തിപ്പാലത്തിന്റെ പണി പൂർത്തീകരിച്ചില്ല. ഒരു ഹാർബർ സ്ഥാപിക്കണമെന്ന ആവശ്യം ഇനിയും നിറവേറ്റിയിട്ടില്ല. കടലോരവാസികൾക്കായി ഒരു ഫിഷറീസ് ആശുപത്രിയില്ല. ഈ പ്രദേശത്തോട് അവഹേളനം മാത്രമാണ് സർക്കാർ കാട്ടുന്നത്. ഇനിയും ഇത് സഹിച്ചുകൊണ്ട് മുന്നോട്ട് പോകാനാവില്ലെന്നും നീതിക്കുവേണ്ടിയുള്ള ധർമസമരത്തിന് സജ്ജരാകണമെന്നും നാളെ നടക്കുന്ന കളക്ടറേറ്റ് ഉപരോധത്തിൽ രൂപതയിലെ ജനങ്ങൾ അണിനിരക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ ഇറക്കിയ സർക്കുലർ അവസാനിക്കുന്നത്. തീരദേശ മേഖലയിലെ അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് ധനസഹായം നൽകാൻ സർക്കാർ വകുപ്പില്ലെന്നു പറയുന്ന മന്ത്രി പ്രേമചന്ദ്രൻ സുനാമി ബാധിതമല്ലാത്ത പ്രദേശത്തെ സ്കൂളുകളിലേക്ക് സുനാമി സഹായം തിരിച്ചുവിട്ടത് ഏതു വകുപ്പു ഉപയോഗിച്ചാണെന്നും രൂപത ചോദിച്ചു.

## 02. സുനാമി ഫണ്ട് ദുർവിനിയോഗം ഇടതുസർക്കാരിന്റെ ഭരണ പരാജയം : കെ. സി. ബി. സി.

കേന്ദ്രസർക്കാർ അനുവദിച്ച സുനാമി ഫണ്ട് വിനിയോഗിക്കുന്നതിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപാകതകൾ സംസ്ഥാന സർക്കാരിന്റെ ഭരണതലത്തിലെ പാളിച്ചയും കെടുകാര്യസ്ഥതയും മൂലമാണെന്ന് കെ. സി. ബി. സി പ്രസിഡന്റ് ബിഷപ് മാർ ജോർജ്ജ് പുന്നക്കോട്ടിലും സെക്രട്ടറി ബിഷപ് റവ. ഡോ. വർഗീസ് ചക്കാലയ്ക്കലും

സംയുക്ത പ്രസ്താവനയിൽ കുറ്റപ്പെടുത്തി. സുനാമി ബാധിതരായ ജനങ്ങളെക്കുറിച്ചും അവരുടെ ദുരിതങ്ങളെക്കുറിച്ചും ഇടതു സർക്കാരിന് ബോധമുള്ളതാണ്. സുനാമിബാധിതർക്കായി കേന്ദ്രസർക്കാർ അനുവദിച്ച തുക ആരാണോ ദുതിതത്തിൽ കഴിയുന്നത് അവർക്ക് ലഭ്യമാക്കുവാനുള്ള നടപടി ത്വരിതപ്പെടുത്തുകയും സമയബന്ധിതമായി നടപ്പാക്കുകയും വേണ്ടിയിരുന്നു. എന്നാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഫലങ്ങൾ ലഭ്യമാക്കാതിരിക്കാനാണോ സർക്കാർ ബോധപൂർവ്വം ശ്രമിച്ചതെന്ന് സംശയിക്കുന്നതായി കെ. സി. ബി. സി കുറ്റപ്പെടുത്തി. ദുരിതബാധിതരെ സഹായിച്ചപ്പോൾ, ഈ ആനുകൂല്യം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ എന്ന രീതിയിൽ വേർതിരിവ് നടത്തി വിതരണം ചെയ്യുന്നത് തീർച്ചയായും ജനദ്രോഹമാണെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഡെപ്യൂട്ടി സെക്രട്ടറിയും വക്താവുമായ റവ. ഡോ. സ്റ്റീഫൻ ആലത്തറ വിശദീകരിച്ചു. കേന്ദ്രം അനുവദിക്കുന്ന സഹായധനം പോലും സമയബന്ധിതമായി വിതരണം ചെയ്യാൻ സർക്കാരിന് കഴിയുന്നില്ല. സുനാമി ബാധിതരായ കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ കണ്ടെത്താൻ കഴിഞ്ഞ ഒരു വർഷമായി കഴിയാത്ത ഇടതുസർക്കാർ ഭരണരംഗത്ത് സമ്പൂർണ്ണ പരാജയമാണെന്ന് കുറ്റപ്പെടുത്താൻ ഞങ്ങൾ നിർബന്ധിതരാവുകയാണ്.

തീരദേശ ജനതയുടെ വികാരങ്ങൾ കണക്കിലെടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ടിയിരുന്ന സുനാമി ദുരിതാശ്വാസ നടപടികൾ ഭരണതലത്തിലെ പിടിപ്പുകേടുമൂലം എങ്ങുമെത്താത്ത അവസ്ഥയിലാണ്. തീരദേശഗ്രാമങ്ങളെ കടലാക്രമണത്തിൽ നിന്ന് സംരക്ഷിക്കുന്ന കടൽഭിത്തി പൂർണ്ണമായും തകർന്നിരിക്കുകയാണ്. കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾക്കായി തീരദേശജനത മുറവിളി തുടങ്ങിയിട്ട് മാസങ്ങളായി. മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട സർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥപ്രമുഖർ പോലും കടുത്ത നിസ്സംഗഭാവമാണ് പലപ്പോഴും പുലർത്തുന്നത്. തീരദേശഗ്രാമങ്ങളുടെ വികസനത്തിനായുള്ള നിർദ്ദിഷ്ട തീരദേശവികസന അതോറിറ്റിയാകട്ടെ സുനാമിതിരകൾ അടിച്ചുതകർത്ത സ്കൂളുകൾ പുനരുദ്ധരിക്കാതെ, ലഭിച്ച കേന്ദ്രസഹായം കൊണ്ട് രാഷ്ട്രീയം കളിക്കുകയാണെന്ന് കെ. സി. ബി. സി ആരോപിച്ചു.

## 03. സുനാമി ഫണ്ട് വകമാറ്റൽ:തീരാദേശവാസികളോടുള്ള അവഗണന.

(കെ. സി. ബി. സി ഐക്യ-ജാഗ്രതാ കമ്മീഷൻ)

സുനാമി ഫണ്ട് വക മാറ്റി ചെലവഴിക്കാനുള്ള സർക്കാർ നീക്കത്തിൽ കെ. സി. ബി. സി ഐക്യ-ജാഗ്രതാ കമ്മീഷൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. തീരാദേശവാസികളോടുള്ള സർക്കാർ അവഗണനയ്ക്കും അനീതിയ്ക്കുമെതിരെ നടത്തുന്ന ആലപ്പുഴ രൂപതയുടെ നേതൃത്വത്തിലുള്ള സമരപരിപാടികൾ തികച്ചും ന്യായമാണെന്നും നീതിക്കുവേണ്ടിയുള്ള സമരപരിപാടികളിൽ ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നുവെന്നും കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ വ്യക്തമാക്കി. സുനാമി ഫണ്ട് സുനാമി ബാധിതർക്കുള്ളതാണ്, അല്ലാതെ വകമാറ്റി ചെലവഴിക്കുന്നത് അനീതിയാണ്. സുനാമി ബാധിതരെയെല്ലാം തുല്യരായി കാണുവാൻ സർക്കാരിനു കഴിയണം. സുനാമി ബാധിതർക്ക് ഇത്തരത്തിലുള്ള സർക്കാർ നടപടി താങ്ങുവാൻ സാധിക്കുകയില്ല. 8 കോടി രൂപയോളം സുനാമിബാധിതമല്ലാത്ത സർക്കാർ വിദ്യാലയങ്ങൾക്ക് നീക്കിവച്ചത് നീതികരിക്കാനാവില്ല. മാത്രമല്ല പാവപ്പെട്ടവരായ കടലോര ജനതയോടു കാണിക്കുന്ന വഞ്ചനയും ക്രൂരതയുമാണ്. കേരളത്തിലെ ഏറ്റവുമധികം അവഗണിക്കപ്പെട്ട് കിടക്കുന്ന മത്സ്യതൊഴിലാളി സമൂഹത്തിന്റെ അവകാശങ്ങൾ നേടുന്നതിനുവേണ്ടി ആലപ്പുഴ രൂപതയോടൊപ്പം കേരള കത്തോലിക്കാ സഭ ഒറ്റക്കെട്ടായി മുമ്പോട്ടിറങ്ങണമെന്ന് കമ്മീഷൻ സെക്രട്ടറി ആഹ്വാനം ചെയ്തു. സുനാമി പുനരധിവാസ പദ്ധതിയിൽ നിന്നും അർഹരായ ആളുകളെ ഒഴിവാക്കിയുള്ള എല്ലാ പദ്ധതിയിൽ നിന്നും സർക്കാർ പിന്മാറണം. സുനാമി ബാധിതരുടെ വേദനയുടെ കണ്ണീരൊപ്പാൻ കഴിയാത്ത എല്ലാ നിയമങ്ങളും ഭേദഗതി ചെയ്യണം. ഈ പ്രശ്നത്തിൽ മുഖ്യമന്ത്രി നേരിട്ടു ഇടപെടണമെന്നും സുനാമി ബാധിതർക്ക് അർഹമായ നീതി നടപ്പാക്കണമെന്ന് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടു.

## 04. കൗമാര ലൈംഗിക വിദ്യാഭ്യാസം : സഭ പുസ്തകം തയ്യാറാക്കുന്നു. (Shalom 16-09-2007)

കേരളത്തിലെ കത്തോലിക്കാ സ്കൂളുകളിൽ ലൈംഗിക വിദ്യാഭ്യാസത്തിന് ആവശ്യമായ പുസ്തകങ്ങൾ തയ്യാറാക്കാൻ കെ. സി. ബി. സി ഫാമിലി കമ്മീഷൻ തീരുമാനിച്ചു. ചെയർമാൻ മാർ പോൾ ചിറ്റിലപ്പിള്ളിയുടെ അധ്യക്ഷതയിൽ പാലാരിവട്ടം പി. ഒ. സിയിൽ ചേർന്ന സമ്മേളനം ഇതിനുള്ള പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകി. ഒരു സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ വിദ്യാലയങ്ങൾക്കും പാഠ്യപദ്ധതികൾക്കും ഉള്ള നിർണ്ണായകമായ പങ്ക് വേണ്ടതു പോലെ മനസ്സിലാക്കാതെയുള്ള സർക്കാരിന്റെ പരിഷ്ക്കരണ പദ്ധതികളും

ലൈംഗികപഠന ഗ്രന്ഥങ്ങളും രൂപപ്പെട്ടിരിക്കുന്ന പശ്ചാത്തലത്തിൽ കത്തോലിക്കാസഭയുടെ ഈ തീരുമാനം വളരെ പ്രാധാന്യം അർഹിക്കുന്നു. എയ്ഡ്സിന്റെ നീരാളി പിടുത്തത്തിൽ നിന്ന് കുട്ടികളെ രക്ഷിക്കാൻ എന്ന പേരിൽ സർക്കാർ പ്രസിദ്ധീകരിക്കുന്ന പുസ്തകം ഗുണത്തിനു പകരം ദോഷം സൃഷ്ടിക്കുന്ന സാഹചര്യത്തിലാണ് സഭയുടെ ഗൗരവമായ സമീപനവും പ്രതികരണവും. യഥാർത്ഥ ലൈംഗികത എന്തെന്ന് വളരുന്ന തലമുറയ്ക്ക് പറഞ്ഞു കൊടുക്കുവാനുള്ള ഉത്തരവാദിത്വം സഭയ്ക്കുണ്ടെന്ന് കെ. സി. ബി. സി ഫാമിലി കമ്മീഷൻ സംസ്ഥാന നേതൃസംഗമം വിലയിരുത്തി. കൗമാരത്തെ വഴിതെറ്റിക്കുന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ലൈംഗിക വിദ്യാഭ്യാസ ഗ്രന്ഥത്തിന്റെ പോരായ്മകൾ വിലയിരുത്തി. ലൈംഗിക അരാജകത്വത്തിലേയ്ക്ക് കുട്ടികളെ നയിക്കുന്നത്, നമ്മുടെ സംസ്കാരത്തിനും ധാർമ്മികതയ്ക്കും യോജിക്കാത്തത്, വിദേശ ഗ്രന്ഥങ്ങളെയും സംസ്കാരത്തെയും പ്രതിഫലിപ്പിക്കുന്നത് തുടങ്ങിയ അഭിപ്രായങ്ങളും ഉണ്ടായി. ഈ പാഠ്യപദ്ധതിയുടെ ഭാഗമായുള്ള അധ്യാപക പരിശീലനം നടക്കുന്നു, ഫണ്ട് അനുവദിക്കുന്നു, ഇതിനെതിരെ കാര്യമായ പ്രതികരണം ഉണ്ടാകുന്നില്ല തുടങ്ങിയ നിരീക്ഷണങ്ങളും ഉണ്ടായി. ഈ സാഹചര്യത്തിലാണ് ലൈംഗിക വിദ്യാഭ്യാസ ഗ്രന്ഥങ്ങൾ സഭയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നത്. ലൈംഗികതയെക്കുറിച്ച്, ആധുനികതയെക്കുറിച്ച് ആധുനിക തലമുറയ്ക്ക് അനവസരത്തിൽ അനാവശ്യവുമായ വിവരങ്ങളാണ് ലഭിക്കുന്നത്. നല്ല വിവരങ്ങൾ നല്ല വഴിയിലൂടെ ലഭിക്കാനുള്ള അവസരങ്ങൾ കുറയുന്നു. ടി. വി, ഇന്റർനെറ്റ്, സിനിമ തുടങ്ങിയ മാധ്യമങ്ങളിലൂടെ വികലമായ കാഴ്ചപ്പാടുകളാണ് കൗമാരക്കാർക്ക് ലഭിക്കുന്നത്. വ്യക്തിത്വ വളർച്ച മുരടിപ്പിക്കുന്ന ലൈംഗിക വിശുദ്ധിയില്ലായ്മയുടെ സന്ദേശം വ്യാപകമാകുന്നതും സഭാനേതൃത്വത്തിൽ മൂല്യാധിഷ്ഠിതഗ്രന്ഥം തയ്യാറാക്കേണ്ടതിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോസ് കോട്ടയിൽ ചെയർമാനുമായുള്ള കമ്മിറ്റിയാണ് ഗ്രന്ഥം തയാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. കെ. സി. ബി. സി വിദ്യാഭ്യാസ കമ്മീഷനടക്കം സഭയുടെ ഇതര കമ്മീഷനുകളുടെയും വിദഗ്ദരുടെയും സഹകരണത്തോടെയാണ് ഈ ദൗത്യം നിർവഹിക്കുന്നത്. ഡോക്ടർ മാർ, മോറൽ തിയോളജിയൻസ്, അധ്യാപകർ എന്നിവർ അടങ്ങുന്ന സമിതിയായിരിക്കും പാഠ്യപദ്ധതിക്ക് രൂപം നൽകുന്നത്. സെക്കുലർ സ്കൂളുകളിൽ പഠിപ്പിക്കുന്നതോടൊപ്പം മതബോധന ക്ലാസ്സുകളിലും ഉപയോഗിക്കാവുന്ന തരത്തിലുള്ളതാകും പുസ്തകമെന്ന് കമ്മീഷൻ സെക്രട്ടറി അറിയിച്ചു.

05. **അഭയകേസ്: സമഗ്രാന്വേഷണം വേണം – കെ. സി. വൈ. എൽ** (Mathurubhumi 15-09-2007)

അഭയാകേസിൽ സമഗ്രാന്വേഷണം നടത്താൻ സി. ബി. ഐ തയാറാകണമെന്ന് കെ. സി. വൈ. എൽ കോട്ടയം അതിരൂപത നേതൃത്വം ആവശ്യപ്പെട്ടു. മാധ്യമ റിപ്പോർട്ടുകളുനുസരിച്ച് കോടതിയിൽ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ വൈദികരെയും കന്യാസ്ത്രീകളെയും കേന്ദ്രികരിച്ച് അന്വേഷണം മാത്രമാണ് നടന്നതെന്നാണ് മനസ്സിലാവുന്നത്. അഭയയുടെ മരണത്തിനു മുമ്പ് ഹോസ്റ്റലിലെ ചില പെൺകുട്ടികൾ ഏതാനും യുവാക്കൾക്കൊപ്പം ആലപ്പുഴയിൽ പോയ സംഭവം പുറത്തറിയുകയും ഇതിലുൾപ്പെട്ട ഒരു യുവാവ് അഭയയുടെ മരണശേഷം അപ്രത്യക്ഷനാവുകയും ചെയ്തിരുന്നു. എന്നാൽ, ഇക്കാര്യങ്ങളിൽ വിശദമായ അന്വേഷണം നടന്നതായി അറിവില്ല. ഹോസ്റ്റലുമായി ബന്ധപ്പെട്ടവരാണ് ദുരൂഹ മരണത്തിന് പിന്നിലെന്ന് അന്വേഷണ സംഘം അവകാശപ്പെടുമ്പോൾ ഈ സാധ്യതയ്ക്ക് പ്രസക്തിയേറുന്നു. സമഗ്രവും നീതിയുക്തവുമായ അന്വേഷണത്തിലൂടെ മാത്രമേ യാഥാർത്ഥ്യം കണ്ടെത്താൻ കഴിയൂ. രാഷ്ട്രീയ സ്വാധീനമുള്ളവർ ആലപ്പുഴ സംഭവത്തിൽ ഉണ്ടായിരുന്നുവെന്നാണ് സൂചന. ഈ ദിശയിലും അന്വേഷണം നടത്താൻ ബന്ധപ്പെട്ടവർ തയാറാകണം.

പോലീസിന്റെ ഇൻക്വസ്റ്റ് റിപ്പോർട്ടിലും ഫയർഫോഴ്സിന്റെ റിപ്പോർട്ടിലുമുള്ള വൈരുധ്യങ്ങളുടെ നിജസ്ഥിതി കണ്ടെത്താനും കാര്യമായ ശ്രമം നടന്നിട്ടില്ല. ആരോപണവിധേയരായ ചില പോലീസ് ഉദ്യോഗസ്ഥരെ ചോദ്യം ചെയ്യാൻ തയ്യാറാകാത്തത് ദുരൂഹതയുണർത്തുന്നു. ആരോപണവിധേയരായ രണ്ട് വൈദികരും സംഭവത്തിന്റെ തലേന്ന് അവരുടെ ഇടവക പള്ളികളിലുണ്ടായിരുന്നു. പിറ്റേന്നു രാവിലെ അവർ ദിവ്യബലി അർപ്പിക്കുകയും ചെയ്തിരുന്നു. അഭയയുടെ മരണം പുലർച്ചെ നാലിന് ശേഷമാണ് നടക്കുന്നത്. ഇക്കാരണത്താൽ വൈദികരെ സംഭവവുമായി ബന്ധിപ്പിക്കേണ്ട കാര്യമില്ലെന്ന നിലപാടാണ് മുൻ അന്വേഷണ സംഘങ്ങൾ സ്വീകരിച്ചത്. യാഥാർത്ഥ്യബോധത്തോടെ ചിന്തിക്കുന്നവർക്ക് മറിച്ചൊരു നിഗമനത്തിലെത്താൻ കഴിയില്ല. മുൻവിധിയോടെയുള്ള അന്വേഷണം യഥാർത്ഥ പ്രതിയെ കണ്ടെത്താൻ സഹായകരമായെന്നു വരില്ല. ഈ സാഹചര്യത്തിൽ സംഭവത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് വിശദമായ അന്വേഷണത്തിന് സി. ബി. ഐ തയാറാകണമെന്നകെ. സി. വൈ. എൽ അതിരൂപത ചാപ്ലയിൻ ഫാ. ജിനു കാവിൽ. പ്രസിഡന്റ് കെ. എൽ ബിജു, ജനറൽ സെക്രട്ടറി സ്റ്റീഫൻ ചെട്ടിക്കത്തോട്ടത്തിൽ എന്നിവർ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

.

06. <u>**പ്ലാസ്റ്റിക് നിരോധനം ഫലപ്രദമാകുന്നു.**</u> (Mathrubhumi 17-09-2007)

കനം കുറഞ്ഞ പ്ലാസ്റ്റിക് സഞ്ചികൾക്കും മറ്റും ഏർപ്പെടുത്തിയ നിരോധനത്തിന് ഫലം കണ്ടു തുടങ്ങിയിരിക്കുന്നു. ഇക്കാര്യത്തിൽ പലേടത്തും വ്യാപാരികളും സ്ഥാപനഉടമകളും ജനങ്ങളും അധികൃതരോട് സഹകരിക്കുന്നുണ്ടെന്നത് ആശ്വാസകരമാണ്. നിരോധിച്ചയിനങ്ങളിൽപ്പെട്ട പ്ലാസ്റ്റിക് ഉപയോഗിക്കുന്നവർക്കെതിരെ കർശനമായ നടപടിയെടുക്കുമെന്ന് അധികൃതർ പറഞ്ഞിരുന്നു. അവർ പലേടത്തും പരിശോധന തുടരുന്നുണ്ട്. സർക്കാർ ദൃഢനിശ്ചയത്തോടെ മുന്നോട്ട് പോയാൽ ഏറെ താമസിയാതെ ലക്ഷ്യം നേടാനാവും. ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് സഞ്ചികളും മറ്റു വസ്തുക്കളും മലിനീകരണത്തിനും ആരോഗ്യപ്രശ്നങ്ങൾക്കും മാത്രമല്ല, നമ്മുടെ മണ്ണിന്റെ ശുദ്ധിയും ഫലപുഷ്ടിയും നശിക്കാനും ഇടയാക്കുന്നു.

പ്ലാസറ്റിക് മാലിന്യങ്ങൾ റോഡരികുകളിലും ഒഴിഞ്ഞ സ്ഥലങ്ങളിലും ചതുപ്പുകളിലുമെല്ലാം നിറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ സ്ഥിതി തുടരാനനുവദിച്ചാൽ അത് നാടിനോടും ഭാവിതലമുറയോടും ചെയ്യുന്ന വലിയ ദ്രോഹമാകും. അതുകൊണ്ടാണ് പ്ലാസ്റ്റിക് നിരോധനത്തിനുവേണ്ടി പല കോണുകളിൽ നിന്നും ആവശ്യമുയർന്നത്. ഏതായാലും പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ട് പഴയ ശൈലിയിൽ മാറ്റം വരുത്താൻ ജനങ്ങളിൽ പലരും തയ്യാറായി. തുണിസഞ്ചികളും മറ്റും അവർ ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. സാധനങ്ങൾ പലതരം ഇലകളിൽ പൊതിഞ്ഞു നൽകുന്ന സമ്പ്രദായവും തിരിച്ചു വരുവാൻ തുടങ്ങിയിട്ടുണ്ട്. പ്ലാസ്റ്റിക് മലിനീകരണം ഒഴിവാക്കാനുള്ള ശ്രമം കേരളത്തിന്റെ ചില സംസ്ക്കാരസവിശേഷതകളുടെ തിരിച്ചുവരവിനും വഴിയൊരുക്കിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിയുടെ രക്ഷയ്ക്കും മാത്രമല്ല, പ്രകൃതിയോടിണങ്ങിയുള്ള ജീവിതത്തിനും ഈ യജ്ഞം പല നിലയ്ക്കും സഹായകമാകും. അത് പൂർണ്ണമായി വിജയിപ്പിക്കാൻ കൂട്ടായ പരിശ്രമം തുടരണം.

07. <u>**കാത്തലിക് സിറിയൻ ബാങ്കിനെ രക്ഷിക്കാൻ സഭയുടെ ആഹ്വാനം.**</u> (Deepika 18-09-2007)

കാത്തലിക് സിറിയൻ ബാങ്കിനെ രക്ഷിക്കാൻ സഭയുടെ ആഹ്വാനം. ആർച്ച് ബിഷപ്സ് ഹൗസിൽ നടന്ന കാത്തലിക് സിറിയൻ ബാങ്ക് സംരക്ഷണസമിതിയുടെ നേതൃത്വത്തിൽ ഓഹരി ഉടമകളുടെയും അഭ്യുദയകാംക്ഷികളുടെയും സംയുക്തയോഗത്തിലാണ് ഇത്തരമൊരു ആഹ്വാനമുണ്ടായത്. നാടിന്റെ നന്മയും പ്രത്യേകിച്ച് തൃശൂരിന്റെ നന്മയും ആഗ്രഹിച്ച് വലിയ ലക്ഷ്യവുമായി തുടങ്ങിയ കാത്തലിക് സിറിയൻ ബാങ്ക് ലക്ഷ്യത്തിൽ നിന്നും മാറിപ്പോകുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നുവെന്ന് ചടങ്ങിൽ അനുഗ്രഹപ്രഭാഷണം നടത്തിയ ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. കുണ്ടുകുളം പിതാവും തൂങ്കുഴിപ്പിതാവും ബാങ്കിനെ തൃശൂരിന്റെ സ്വന്തമാക്കി നിർത്താൻ ശ്രദ്ധിച്ചിരുന്നുവെന്നും അദ്ദേഹം അനുസ്മരിച്ചു. തൃശൂർക്കാർ തന്നെ ബാങ്കിന്റെ ഭരണനേതൃത്വത്തിൽ വരണമെന്നാണ് അതിരൂപതയുടെ ആഗ്രഹമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മോൺ. റാഫേൽ വടക്കൻ പറഞ്ഞു. ഉടമസ്ഥരുടെ കൈകളിലേക്ക് ബാങ്കിനെ എത്തിക്കാനുള്ള ശ്രമമാണ് സംരക്ഷണസമിതി നടത്തുന്നതെന്ന് കോ-ഓർഡിനേറ്റർ ഫാ. ലോറൻസ് ഒലക്കേങ്കൽ പറഞ്ഞു. കേരളത്തിലെ മറ്റു ബാങ്കുകൾ പലതും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിഷ്ക്കർഷിച്ചിട്ടുള്ള മൂലധനനിക്ഷേപ ലക്ഷ്യം നേടിക്കഴിഞ്ഞപ്പോഴും കാത്തലിക്ക് സിറിയൻ ബാങ്കിന്റെ ഭരണനേതൃത്വം അതിനായി ശ്രമിച്ചില്ലെന്നും ഉള്ളതുപോലും വിറ്റുകാശാക്കുകയായിരുന്നുവെന്ന് യോഗത്തിൽ ആരോപണമുയർന്നു. ബാങ്കിന്റെ 15 ശതമാനം ഷെയറുകൾ അഞ്ചുശതമാനം വീതം മൂന്നു വിദേശികൾക്ക് നൽകിയിട്ടുണ്ട്. നിലവിൽ ഡയറക്ടർമാരുടെ കൈവശം തുച്ഛമായ ഓഹരി മാത്രമാണുള്ളത്. ഇവരുടെ ഓഹരികളിൽ ഭൂരിഭാഗവും ചൗളഗ്രൂപ്പിന്റെ കൈവശമാണ്. മുതൽ മുടക്കിയ വ്യക്തികളെ ഭരണത്തിന്റെ നേതൃത്വത്തിലേക്ക് കൊണ്ടുവരാനാണ് സംരക്ഷണസമിതി സ്ഥാനാർത്ഥികളെ നിർത്തുന്നതെന്നും വിശദീകരിച്ചു.